പണികൾ ചെയ്യുന്നതോടെ ഗംഗയാർ തോടിന്റെ മാലിന്യ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാകുമെന്ന് കരുതുന്നു. പ്രസ്തുത തോട് 2012-ൽ ആറ് ലക്ഷം രൂപ ചെലവഴിച്ച് താൽക്കാലികമായി മാലിന്യംമാറ്റി വൃത്തിയാക്കിയിരുന്നു. തന്മൂലം വെള്ളപ്പൊക്കം ഒരു പരിധി വരെ നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്. പുതിയ പ്രൊപ്പോസൽ പ്രാവർത്തികമാകുന്നതോടെ ഗംഗയാർ തോട് മാലിന്യമുക്തമാക്കാൻ ഒരു പരിധി വരെ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(17) താനൂർ സി.എച്ച്.സി.-യിലെ ഡ്യൂട്ടി ഡോക്ടർമാരുടെ നിയമനം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ തിങ്ങിത്താമസിക്കുന്ന കേരളത്തിലെ ഏറ്റവും ജനസാന്ദ്രതകൂടിയ തീരപ്രദേശങ്ങളി ലൊന്നാണ് താനൂർ. അവിടെയാണ് താനൂർ സി.എച്ച്.സി. പ്രവർത്തിക്കുന്നത്. പാവപ്പെട്ട സ്ത്രീകളും കുട്ടികളുമാണ് ഈ ആശുപത്രിയെ ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത്. എല്ലാ സൗകര്യങ്ങളോടും കൂടിയ ലേബർ റൂമും ജനറേറ്ററും ഉൾപ്പെടെ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഇവിടെയുണ്ട്. പക്ഷെ ഒരു ഗൈനക്കോളജിസ്റ്റോ ഒരു പീഡിയാട്രീഷനോ ഇവിടെ ഇല്ല. പ്രസ്തുത തസ്തികകളും അവിടെയില്ല. ഇക്കാര്യം പലതവണ സഭയിൽ ഞാൻ ഉന്നയിച്ചതാണ്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഇക്കാര്യം പരിഹരിക്കുമെന്ന് ഉറപ്പുനൽകിയതുമാണ്. ഉച്ചയോടുകൂടി ഡോക്ടർമാർ പോകുന്നതിനാൽ ഡോക്ടർമാരുടെ സേവനം ലഭ്യമാകാത്ത അവസ്ഥയും നിലനിൽക്കുകയാണ്. ഒരു ഗൈനക്കോളജിസ്റ്റിനെ കിട്ടുകയാണെങ്കിൽ അവിടെ നിയമിക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഉറപ്പുനൽകിയതിന്റെ അടിസ്ഥാനത്തിൽ ഒരു ഗൈനക്കോളജിസ്റ്റിനെ കണ്ടെത്തി ബഹുമാനപ്പെട്ട മന്ത്രിയെ അക്കാര്യം അറിയിച്ചിട്ടുമുണ്ട്. ആയതിനാൽ താനൂർ സി.എച്ച്.സി.-യിൽ ഒരു ഗൈനക്കോളജിസ്റ്റിനെയും ഒരു പീഡിയാട്രീഷനെയും നിയമിക്കുന്നതിനും അതോടൊപ്പം തന്നെ സി.എച്ച്.സി.-യിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, താനൂർ തീരദേശമേഖലയിലെ ഏക സർക്കാർ ആശുപത്രിയായ താനൂർ സി.എച്ച്.സി. 1999-ലാണ് സാമൂഹിക ആരോഗ്യകേന്ദ്രമായി ഉയർത്തപ്പെട്ടത്. ഈ സി.എച്ച്.സി.-യിൽ അഞ്ച് അസിസ്റ്റന്റ് സർജന്മാരുടെ തസ്തികകളാണ് നിലവിലുള്ളത്. ഈ അഞ്ച് തസ്തികകളിലും ഡോക്ടർമാർ സേവനം അനുഷ്ഠിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

എൻ.ആർ.എച്ച്.എം. മുഖേന രണ്ട് ഡോക്ടർമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ രാത്രികാലങ്ങളിൽ അത്യാവശ്യ ഘട്ടങ്ങളിൽ ഓൺ കോൾ ഡ്യൂട്ടി അടിസ്ഥാനത്തിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നുണ്ട്. മുൻപ് ഇവിടെ അസിസ്റ്റന്റ് സർജൻ തസ്തികയിൽ ഒരു ഗൈനക്കോളജിസ്റ്റ് ഉണ്ടായിരുന്നതിനാൽ ലേബർ റൂമും ഗർഭിണികളുടെ വാർഡും പ്രവർത്തനസജ്ജമായിരുന്നു. പ്രസ്തുത ഡോക്ടർ സ്ഥലം മാറി പോയതിനുശേഷം ലേബർ റൂമും ഗർഭിണികളുടെ വാർഡും നിലവിൽ ഉപയോഗിക്കുന്നില്ല. ഗൈനക്കോളജിസ്റ്റിന്റെയും പീഡിയാട്രീഷന്റെയും ഉൾപ്പെടെ സ്പെഷ്യാലിറ്റി വിഭാഗം തസ്തികകൾ ഈ സി.എച്ച്.സി.-യിൽ അനുവദിച്ചിട്ടില്ല. എന്നിരുന്നാലും ലേബർ റൂമും ഗർഭിണികളുടെ വാർഡും നിലവിലുള്ളതിനാൽ ഒരു ജൂനിയർ കൺസൾട്ടന്റിനെ നിയമിക്കുന്നകാര്യം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. മറ്റ് സ്പെഷ്യാലിറ്റി തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ഗവൺമെന്റിന് ലഭ്യമാകുന്ന മുറയ്ക്ക് പീഡിയാട്രീഷനെ നിയമിക്കുന്നകാര്യം പരിശോധിക്കുന്നതാണ്.

(18) താലൂക്ക് ആശുപത്രിയായി ഉയർത്തൽ

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ, കോഴിക്കോട്, മലപ്പുറം നഗരങ്ങളുടെ മധ്യത്തിൽ സ്ഥിതി ചെയ്യുന്നതും കോഴിക്കോട് വിമാനത്താവളത്തിനു തൊട്ടടുത്ത് സ്ഥിതിചെയ്യുന്നതുമായ പട്ടണമാണ് കൊണ്ടോട്ടി. ഇവിടെ വർഷങ്ങളായി ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ഉണ്ട്. അഞ്ഞൂറിലധികം ഒ.പി.-യും ധാരാളം ഐ.പി.-യും ദിനംപ്രതി ഈ ആശുപത്രിയിലുണ്ട്. വിമാനത്താവളം, ഹജ്ജ് ഹൗസ് എന്നിവയുടെ റഫറൽ ആശുപത്രിയും കൂടിയാണിത്. ഈ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ ഒരു താലൂക്ക് ആശുപത്രിയാക്കി ഉയർത്തണമെന്നത് വർഷങ്ങളായുള്ള ആവശ്യമാണ്. കൊണ്ടോട്ടി കേന്ദ്രമായി പുതിയ താലൂക്ക് പ്രഖ്യാപിച്ച് ഒരുവർഷം കഴിഞ്ഞിട്ടും താലൂക്ക് ആശുപത്രി യാഥാർത്ഥ്യമായിട്ടില്ല. ഇതുസംബന്ധിച്ച് നിരവധി തവണ നിവേദനം നൽകിയതാണ്. 17-6-2014-ലെ നിയമസഭാ സമ്മേളനത്തിൽ ഇത് സംബന്ധിച്ച് ഒരു സബ്മിഷൻ ഞാൻ അവതരിപ്പിച്ചിരുന്നു. സബ്മിഷനിൽ പറഞ്ഞകാര്യങ്ങൾ മുഴുവൻ അംഗീകരിച്ചപ്പോഴും, നിലവിൽ 29 കിടക്കകൾക്കുള്ള കെട്ടിട സൗകര്യമാണ് ഉള്ളതെന്നും താലൂക്ക് ആശുപത്രിക്കാവശ്യമായ 100 കിടക്കകൾ ഒരുക്കുന്നതിന് നിലവിലുള്ള സൗകര്യങ്ങൾ പര്യാപ്തമല്ല എന്നുമാണ് ബഹുമാനപ്പെട്ട മന്ത്രി അന്ന് മറുപടി പറഞ്ഞത്. ഇത് വസ്തുതാപരമല്ലെന്ന് ചൂണ്ടിക്കാട്ടിയപ്പോൾ ബഹുമാനപ്പെട്ട മന്ത്രിയുടെ നിർദ്ദേശപ്രകാരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ പരിശോധിച്ച് ഒരു റിപ്പോർട്ട് നൽകാൻ മലപ്പുറം ജില്ലാ

LIBRARY ARCHIVES Kerala Legislative Assembly